കേരള കാർഷിക സർവ്വകലാശാല
അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി
ഫോൺ നം : 0480 – 2702116,
Email.arschalakudy@kau.in

എ.ആർ.എസ്/ബി/1390/2012 (ii) തിയ്യതി : 23.12.2025

## ലേല/ ക്വട്ടേഷൻ നോട്ടീസ്

| | |
|---|---|
| ലേല സ്ഥലം | വാട്ടർ മാനേജ്മെൻറ് റിസർച്ച് യൂണിറ്റ്, വെള്ളാനിക്കര |
| ലേല വസ്തു | ഏകദേശം 500 തെങ്ങിൽ നിന്നുൽപ്പാദിപ്പിക്കപ്പെടുന്ന നാളികേരം |
| കാലയളവ് | 06.01.2026 മുതൽ 31.12.2026 വരെ |
| ലേല സമയം | 06.01.2026, 11.30 A M |
| നിരതദ്രവ്യം | Rs.5000/- |

## നിബന്ധനകൾ

1. ലേലത്തിൽ പങ്കുകൊള്ളാൻ താത്പര്യമുള്ളവർ സീൽ ചെയ്ത ക്വട്ടേഷൻ പ്രൊഫസർ&ഹെഡ്, അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി എന്ന് രേഖപ്പെടുത്തി 06.01.2026–ന് രാവിലെ 11.15 മണിക്ക് മുൻപ് വാട്ടർ മാനേജ്മെൻറ് ഓഫീസിൽ എത്തിക്കുക.
2. ലേലത്തിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും ലേലത്തിന് മുൻപ് 5000 രൂപ നിരതദ്രവ്യം കെട്ടി വയ്ക്കണം.
3. അന്നേ ദിവസം രാവിലെ 11.30 ന് അപ്പോൾ സന്നിഹിതരായിരിക്കുന്ന ആളുകളുടെ സാന്നിദ്ധ്യത്തിൽ പരസ്യലേലം നടത്തുന്നതും, അതിനുശേഷം ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. ക്വട്ടേഷൻ/ലേലത്തിൽ കൂടുതൽ തുക രേഖപ്പെടുത്തുന്ന വ്യക്തിക്ക് വിളവെടുക്കാനുള്ള അവകാശം പ്രൊഫസർ &ഹെഡിന് തൃപ്തികരമാണെങ്കിൽ ഉറപ്പിക്കുന്നതായിരിക്കും. ലേലം ഉറപ്പിച്ച് കിട്ടുന്ന ആളിൻറെ നിരതദ്രവ്യം 31.12.2026-നു ശേഷമേ ഓഫീസിൽ നിന്നും തിരികെ നൽകൂ. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഐഡി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
4. ലേലം ഉറപ്പിച്ച് കിട്ടുന്ന ആൾ മൊത്തം തുകയുടെ 1/3 ഭാഗം അപ്പോൾ തന്നെ ഓഫീസിൽ അടയ്ക്കണം (അല്ലാത്ത പക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണ്) ബാക്കി 2/3 ഭാഗം തുക രണ്ടു തുല്യ തവണകളായി 2 മാസം ഇടവിട്ട് 4 മാസത്തിനുള്ളിൽ ഓഫീസിൽ അടയ്ക്കേണ്ടതാണ്.
5. പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് മാത്രമേ വിളവെടുക്കാനും പുറത്തു കൊണ്ടുപോകാനും അനുവാദമുള്ളൂ.
6. വിളവെടുപ്പ് ദിനം ഓഫീസിൽ നേരത്തേ അറിയിക്കണം. ഓരോ വിളവെടുപ്പിൻറെയും കണക്ക് ഓഫീസിൽ രേഖപ്പെടുത്തിയതിനുശേഷമേ നാളികേരം കൊണ്ടുപോകാവൂ.
7. 2026 സെപ്റ്റംബർ മാസത്തിനുശേഷം മൂപ്പെത്താത്ത നാളികേരം വിളവ് എടുക്കരുത്. മറിച്ച് ചെയ്യുന്നപക്ഷം ലേലം റദ്ദ് ചെയ്ത് നടപടികൾ കൈകൊള്ളുന്നതാണ്.

8. രൂക്ഷമായ രോഗകീടബാധമൂലമോ ഈ സ്ഥാപനത്തിൻറെയോ സർക്കാരിൻറെയോ വികസന പരിപാടികൾക്ക് വേണ്ടിയോ ഏതെങ്കിലും തെങ്ങുകൾ വെട്ടി മാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള അവകാശം ഈ ഓഫീസിന് ഉണ്ടായിരിക്കും. ആയതു ലേലവ്യവസ്ഥകളെ ബാധിക്കുന്നതുമല്ല.
9. തെങ്ങിൽനിന്ന് തേങ്ങ അല്ലാതെ പട്ട കൊതുമ്പ് പോലുള്ള മറ്റ് ഒരുത്പന്നത്തിനും ലേലം ഉറപ്പിച്ച് കിട്ടുന്ന ആൾക്ക് അധികാരം ഉണ്ടാകില്ല.
10. വിളവെടുപ്പ് കാലയളവിൽ ഫാമിനെ ഏതെങ്കിലും രീതിയിൽ നഷ്ടമുണ്ടാക്കിയാൽ ലേലം വിളിച്ച വ്യക്തി അടച്ചിരിക്കുന്ന നിരതദ്രവ്യം ഉൾപ്പെടെയുള്ള മുഴുവൻ തുകയും യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും ലേലം റദ്ദ് ചെയ്ത് നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതുമാണ്.
11. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം അടച്ച തുക മുഴുവൻ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതുൾപ്പെടെയുള്ള മേൽനടപടികൾക്ക് വിധേയനാകും.
12. ലേലസംബന്ധമായ അന്തിമ തീരുമാനമെടുക്കാനും ലേലം റദ്ദ് ചെയ്യാനും മാറ്റിവെയ്ക്കാനും ഉള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.
13. ലേലംകൊണ്ട വ്യക്തി മേൽപ്പറഞ്ഞ ലേല നിബന്ധനകൾ അടങ്ങിയ ഉടമ്പടി 200 രൂപ മുദ്രപത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ടു ആദ്യ വിളവെടുപ്പിന് മുൻപായി നൽകേണ്ടതാണ്.

KERALA AGRICULTURAL UNIVERSITY ... CHALAKUDY 680 307

പ്രൊഫസർ & ഹെഡിനുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

കോപ്പികൾ : നോട്ടീസ് ബോർഡ്, WMRU, KAU HQ, PRC, CoH,
KAU Canteen, Estate Office, Mannuthy Sales Centre,
Panchayath Office.